# കേരളസർവകലാശാല

നം.പി.ആർ.265/2023 തിരുവനന്തപുരം, തീയതി: 14/12/2023

## പത്രക്കുറിപ്പ്

## സ്പോട്ട് അലോട്ട്മെന്റ്

## കേരളസർവകലാശാല ഒന്നാം വർഷ എം.എഡ്. പ്രവേശനം 2023 ജനറൽ/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ മറ്റ് സംവരണ വിഭാഗങ്ങൾ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എം.എഡ്. കോഴ്സിലേയ്ക്ക് 2023 ഡിസംബർ 19 ന് തിരുവനന്തപുരം Mar Theophilus Training College ൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റ് 2023 ഡിസംബർ 16 ന് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC, ST Candidates) EWS സർട്ടിഫിക്കറ്റ്, Medical certificate (for Differently Abled Candidates), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിന് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

## പ്രൈവറ്റ് രജിസ്ട്രേഷൻ

കേരളസർവകലാശാല 2023-2024 അക്കാദമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ-ഉൽ-ഉലാമ/ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ/ ബി.കോം. അഡീഷണൽ ഇലക്ടീവ് ട്രാവൽ & ടൂറിസം എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2023 ഡിസംബർ 30 വരെ പിഴയോടുകൂടി രജിസ്ട്രേഷൻ ചെയ്യാം. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ സർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിശദവിവരങ്ങൾ www.de.keralauniversity.ac.in/ www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (ബി.എ./ ബി.എസ്സി./ബി.കോം.) (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ, മേഴ്സി ചാൻസ് – 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2023 ഡിസംബർ 18 വരെയും 150 രൂപ

പിഴയോടെ ഡിസംബർ 21 വരെയും 400 രൂപ പിഴയോടെ ഡിസംബർ 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (റെഗുലർ) കോഴ്സ് കോഡിൽ വരുന്ന പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് കോഴ്സിന്റെ നാല് (നവംബർ 2022), ആറ് (ജനുവരി 2023), ഏഴ് (ഡിസംബർ 2022), എട്ട് (സെപ്റ്റംബർ 2023) സെമസ്റ്ററുകളുടെ (2008 സ്കീം) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പി.ജി. ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ്

കേരളസർവകലാശാല ഫിലോസഫി വകുപ്പ് നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് പ്രവേശനത്തിന് അപേക്ഷിക്കാം. പ്രായോഗിക തത്ത്വചിന്തയിലെ സമകാലിക രീതിയാണ് ഫിലോസഫിക്കൽ കൗൺസിലിംഗ്. തത്ത്വചിന്തയുടെ ആശയങ്ങൾ വികസിപ്പിച്ചും ഉപയോഗപ്പെടുത്തിയും വ്യക്തികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പഠിതാക്കൾക്ക് പരിശീലനം ലഭിക്കുന്നു. തത്ത്വചിന്താരീതികൾക്ക് പ്രയോഗികമാർഗ്ഗങ്ങൾ രൂപപ്പെടുത്തി ചിന്താ നൈപുണികൾ വികസിപ്പിക്കാൻ പ്രോഗ്രാമിൽക്കൂടി ശ്രമിക്കുന്നു. വ്യക്തികളുടെ പോസിറ്റീവ് ചിന്തകളെ പ്രോത്സാഹിപ്പിക്കുക, മികച്ച മാനസികാരോഗ്യം പ്രദാനം ചെയ്യുക, ക്രിയാത്മകമായി ചിന്തിപ്പിക്കുക, സ്വഭാവവും വ്യക്തിത്വവും വികസിപ്പിക്കുക എന്നിവയും പ്രോഗ്രാമിന്റെ ഭാഗമാണ്. ഏതെങ്കിലും വിഷയത്തിൽ 50% മാർക്കോടെ ബിരുദമെടുത്തവർക്ക് അപേക്ഷിക്കാം. ഫിലോസഫി, സൈക്കോളജി, സോഷ്യോളജി, സയൻസ് ബിരുദധാരികൾക്ക് മുൻഗണന നൽകും. പ്രവേശനത്തിന് പ്രായപരിധിയില്ല. അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ cpcruok.com ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. കോഴ്സ് ഫീസ് 20,000 രൂപ. പൂരിപ്പിച്ച അപേക്ഷ അനുബന്ധരേഖകൾക്കൊപ്പം 2024 ജനുവരി 20 നകം ഡയറക്ടർ, സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച്, കേരളസർവകലാശാല, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം – 695581 എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ ലഭിക്കണം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240